# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**(01.10.2018-31.03.2019)**

**ജില്ല –തിരുവനന്തപുരം**

**ബ്ലോക്ക് – പാറശ്ശാല**

**ഗ്രാമപഞ്ചായത്ത്- പാറശ്ശാല**

**വാർഡ്- ആടുമങ്ങാട് വാർഡ് (6)**

**25/10/2019**

**10.00 am**

**<u>ആടുമങ്ങാട് അംഗൻവാടി</u>**

**<u>ആമുഖം</u>**

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത്പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണ ജനത ബുദ്ധിമുട്ടനുഭവിക്കുമ്പോള് അവർക്ക് 100 ദിവസത്തെ തൊഴിലെങ്കിലും ഉറപ്പു വരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴില് നല്കുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാദ്ധ്യമാകും എന്നും പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നുവെന്നും അതിന് നിര്ണയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം. 2005 ആഗസ്റ്റ് 23-ാം തിയ്യതിയാണ് പാർലമെന്റ് ഈ നിയമം പാസ്സാക്കുന്നത്.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പു വരുത്തുവെന്നതാണ് ഈ നിയമത്തിന്റെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും തൊഴിലെടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയോ ചെയ്താല് നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

തൊഴില് ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളില് തൊഴില് നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതല് അവര് ക്ക് തൊഴിലില്ലായ്മ വേതനത്തിന് അര് ഹതയുണ്ടായിരിക്കും. അതുപോലെ ചെയ്ത തൊഴിലിന് റെ വേതനം 14 ദിവസത്തില് കൂടുതല് വൈകിയാല് വൈകുന്ന ഒരോ ദിവസത്തിനും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴില് ആവശ്യപ്പെടുന്നവര്ക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനമോ ഉറപ്പായും ഉറപ്പ് വരുത്തുന്നുവെന്നതാണ് തൊഴിലുറപ്പ് നിയമത്തിന് റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കമായ 200 ഗ്രാമീണ ജില്ലകളില് 2006 ഫെബ്രുവരി 2ആം തീയതി ഈ നിയമം നിലവില് വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തില് വയനാടും, പാലക്കാടും ഈ 200 ജില്ലകളില് ഉൾപ്പെട്ടിരുന്നു. 2007 മെയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി, കാസര് ഗോഡ് ജില്ലകള് ഇതില് ഉള് പ്പെട്ടിരുന്നു. 2008 ഏപ്രില് 1 ന് ഇന്ത്യയിലെ ബാക്കി മുഴുവന് ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവന് ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തില് സവിശേഷ ശ്രദ്ധയാകര് ഷിച്ച ഒരു അവകാശാധിഷ്ഠിത തൊഴില് നിയമമെന്ന നിലയിലും ഗ്രാമീണ മേഖലയില് ദാര്യദ്ര ലഘൂകരണത്തില് നിര് ണ്ണയാകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്നകാര്യം പരിഗണിച്ചും 2009 ഒക്ടോബര് 2-ാം തീയതി കേന്ദ്ര സര് ക്കാര് ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെന്ന് പുനർനാമകരണം ചെയ്തു.

**തിരുവനന്തപുരം ജില്ല**

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായ ജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയില് നിന്നും 56 കിലോമീറ്റര് അകലെയായി സ്ഥിതി ചെയ്യുന്നു .

**പാറശ്ശാല ബ്ലോക്ക്**

തമിഴ്നാടിന്റെ അതിർത്തിയിലും കേരളത്തിന്റെ തെക്കേ അറ്റവുമായ ബ്ലോക്ക് പഞ്ചായത്ത് ആണ് പാറശ്ശാല ബ്ലോക്ക്. തമിഴ് മലയാളം എന്നീ ഭാഷകളുടെ സംഗമ സ്ഥാനം കൂടിയായതിനാൽ ജനങ്ങൾക്ക് കലയോടും സംസ്കാരത്തോടും നല്ല മതിപ്പുണ്ട് പരമ്പരാഗത കുടിൽ വ്യവസായമായ കരിപ്പട്ടി നിർമാണത്തിൽ തുടങ്ങിയ

ആധുനിക വ്യവസായ സംരംഭങ്ങൾ വളരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട് ഭൂരിഭാഗം ആളുകളും രണ്ടു ഭാഷ സംസാരിക്കുന്നവരാണ്.ചെങ്കൽ, കാരോട്, കുളത്തൂർ, പൂവാർ, പാറശ്ശാല, തിരുപുറം എന്നിങ്ങനെ ആറ് പഞ്ചായത്തുകളാണ് പാറശ്ശാല ബ്ളോക്കിൽ ഉൾപ്പെടുന്നത്.

**പാറശ്ശാല പഞ്ചായത്ത്**

പാറശ്ശാല വില്ലേജ് യൂണിയന് ആയിരുന്നു. സർക്കാർ നോമിനേറ്റ് ചെയ്യുന്നവരായിരുന്നു അംഗങ്ങൾ. 1952 ൽ പഞ്ചായത്ത് ആക്ട് നിലവിൽ വന്നതോടെ വല്ലേജ് യൂണിയൻ പഞ്ചായത്തായി മാറി. 1953 ൽ ജനാധിപത്യരീതിയിൽ നടന്ന തെരഞ്ഞെടുപ്പിൽ എസ്. സെൽവനായകം പ്രസിഡന്റ് ആയി. ഇവിടുത്തെ ജനങ്ങളിൽ ഭൂരിവിഭാഗം സാക്ഷരർ ആണ്. ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം കൃഷിയാണ്.

**അടിസ്ഥാന വിവരങ്ങൾ**

വില്ലേജ് - പാറശ്ശാല

താലൂക്ക് - നെയ്യാറ്റിൻകര

വിസ്തീർണ്ണം - 20.02 ച സെ മി

വാർഡുകളുടെ എണ്ണം - 23

**അതിരുകൾ**

കിഴക്ക് - കന്യാകുമാരി ജില്ലാ (തമിഴ്നാട് )

പടിഞ്ഞാറ് - ചെങ്കൽ പഞ്ചായത്ത്

തെക്ക് - കാരോട് പഞ്ചായത്ത്

വടക്ക് - പെരുങ്കടവിള ബ്ലോക്ക്



**ആടുമങ്ങാട് വാർഡ് (6)**

പാറശ്ശാല പഞ്ചായത്ത് ആറാം വാർഡ് ആയ ആടുമങ്ങാട് കാർഷിക പരമായി പരിപോഷിപ്പിക്കുന്നതിന മുൻനിരയിൽ നിലകൊള്ളുന്ന വാർഡ് ആണ്. വാർഡിൽ രണ്ടു അംഗൻവാടി പ്രവർത്തിച്ചുവരുന്നു. പ്രകൃതി അണിയിച്ചൊരുക്കിയ തോടുകളും കുളങ്ങളും കൃഷിയ്ക്ക് അനുയോജ്യമായ ഭൂപ്രകൃതിയും പ്രദേശത്തിന് മാറ്റ് കൂട്ടുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ തോടുകൾ കുളങ്ങൾ ഇവയുടെ പുനരുദ്ധാരണം ലൈഫ് ഭവനപദ്ധതി മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു .

**പൊതുവിവരങ്ങൾ -ആടുമങ്ങാട്**

**അതിരുകൾ**

കിഴക്ക് - ആലംപാറ

പടിഞ്ഞാറ് - പൊന്നംകുളം

തെക്ക് - പുല്ലൂർക്കോണം

വടക്ക് - ഇടിച്ചക്കപ്ലാമൂട്

| | |
|---|---|
| പൊതു കുളങ്ങൾ | - 4 |
| അംഗനവാടി | - 2 |
| കുടുംബശ്രീ യൂണിറ്റ് | - 32 |
| ജനസംഖ്യ | - 2648 |
| തോടുകൾ | - 5 |
| മൃഗാശുപത്രി | - ഇല്ല |
| സജീവ തൊഴിലാളികൾ | - 331 |
| വീടുകൾ | - 790 |
| ആയുർവേദ ആശുപത്രി | - ഇല്ല |

.

**മുഖ്യ ലക്ഷ്യങ്ങൾ**

- അവിദഗ്ദ്ധ-കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം, ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉല്പാദനക്ഷമവുമായ ആസ്ഥികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.
- ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തൽ.
- സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുക.
- പഞ്ചായത്തിരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

**<u>സവിശേഷതകൾ</u>**

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി.
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ്പൂർത്തിയായ എതൊരാള് ക്കും പദ്ധതിയില് പങ്കാളിയാവാം.
- സ്ത്രീക്കും പുരുഷനും തുല്യ വേതനം.
- പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൌകര്യ വികസനം എന്നിവയ്ക്കു മുൻഗണന.
- തൊഴിലാളികൾ തന്നെ പ്രവൃത്തികല് കണ്ടെത്താനും ആസൂത്രണ പ്രക്രീയയില് പങ്കാളികള് ആകാനും അവസരം .
- ആസൂത്രണത്തിലും നിര് വഹണത്തിലും തികഞ്ഞ സുതാര്യത .
- കരാറുകാരോ ഇടനിലക്കാരോ ഇല്ല.
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്.
- ബാങ്ക്/പോസ്റ്റ് വഴി മാത്രം വേതന വിതരണം.
- സ്ത്രീകൾക്ക് മുൻഗണന.
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം.
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു.(സോഷ്യൽ ഓഡിറ്റ് സംവിധാനം)
- പരാതിപരിഹാര സംവിധാനം

**<u>രീതിശാസ്ത്രം</u>**

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള, തിരുവനന്തപുരം ജില്ല- പാറശ്ശാല ബ്ലോക്ക് വില്ലജ് റിസോഴ്സ് പേഴ്സണാണ് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെ പാറശ്ശാല ഗ്രാമ പഞ്ചായത്ത് വാർഡ് 6ൽ (ആടുമങ്ങാട് ) സോഷ്യൽ ഓഡിറ്റ് പ്രക്രിയ നടത്തിയത്.

**ആദ്യഘട്ടം:**

പഞ്ചായത്ത് സെക്രട്ടറി, പ്രസിഡണ്ട്, വാർഡ് മെമ്പർ, എൻ ആർ ഇ ജി എസ് സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ് 6ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.

**രണ്ടാം ഘട്ടം:**

2018 ഒക്ടോബർ മാസം ഒന്നാം തിയതി മുതല് 2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.

**മൂന്നാം ഘട്ടം:**

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ

**നാലാം ഘട്ടം:**

ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും.

**അഞ്ചാം ഘട്ടം:**

ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ് .

**<u>സോഷ്യൽ ഓഡിറ്റ്</u>**

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17( 2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്നും സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക, എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ ആണ്.

ഗ്രാമസഭകൾ ആണ് സോഷ്യൽ ഓഡിറ്റ് വേദികൾ ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം. സംസ്ഥാന സർക്കാർ സോഷ്യൽ ഓഡിറ്റ് നടത്തേണ്ട രീതിയെ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ വിജയം ജനങ്ങളുടെ പങ്കാളിത്തമാണ്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി,അജണ്ട, വേദി എന്നിവ നിശ്ചയിച്ച 7 ദിവസം മുൻപ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം. പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം മോണിറ്ററിംഗ്, തുടങ്ങി ചുമതലകൾ ഉള്ള എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സുഗമമായും സുതാര്യമായും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്( as per GO (Rt) No.3906/2015/LSGD,Dated 30.12.2015) 31.1.2017 നിലവിൽവന്നു. യൂണിറ്റ് ട്രാവൻകൂർ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955 (No.TVM/TC/123/2017)പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് .

<u>7 രജിസ്റ്റർ **പരിശോധന**</u>

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന 7 രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടവയാണ്.

1) തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ

2) ഗ്രാമസഭ രജിസ്റ്റർ

3) തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ

4) പ്രവര്ത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ

5) സ്ഥിര ആസ്തികളുടെ രജിസ്റ്റർ

6) പരാതി രജിസ്റ്റർ

7) സാധന രജിസ്റ്റർ

2018-19 സാമ്പത്തിക വർഷത്തെ രജിസ്റ്ററുകള് വളരെ വൃത്തിയായും ചിട്ടയോടും കൂടി സൂക്ഷിച്ചിരിക്കുന്നു എന്ന് എടുത്തു പറയേണ്ട കാര്യം ആണ്.

1) **തൊഴില്കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ**

കുടുംബങ്ങളുടെ തൊഴില് കാര് ഡ് വിവരങ്ങള്(Job Card Number,Date of Card issued,Name,age,bank account number) MIS ല് നിന്നും പകര് പ്പ് എടുത്തു സൂക്ഷിച്ചിരിക്കുന്നു. 2018-19 സാമ്പത്തിക വർഷത്തില് 190 തൊഴില് കാര് ഡ് അപേക്ഷ വിവരങ്ങള് ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2)**ഗ്രാമസഭ** രജിസ്റ്റർ

ഗ്രാമ സഭ രജിസ്റെറില് തൊഴില് ഗ്രാമ സഭ, 1/07/2019ല് കൂടി പ്രവര് ത്തികള് വിശദമായ് ചര് ച്ച ചെയ്തു തീരുമാനിച്ചിട്ടുണ്ട് . അവ ബുക്കില് രേഖപ്പെടുത്തിയിട്ടുണ്ട്

3) **തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ**

തൊഴിലാളികള് തൊഴില് ആവശ്യപെട്ടുകൊണ്ടുള്ളതിന്റെ വിവരം MIS ല് നിന്നും പ്രിന്റ് എടുത്തു രജിസ്റ്റര്**റില്** ഒട്ടിച്ചു ചേര് ത്തിട്ടുണ്ട്

4) **പ്രവര്ത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റര്**

പ്രവര്ത്തിയുടെ വിശദ വിവരങ്ങള് MIS ല് നിന്നും പ്രിന്റ് എടുത്തു സൂക്ഷിച്ചിട്ടുണ്ട്

5) **സ്ഥിര ആസ്തികളുടെ രജിസ്റ്റര്**

സ്ഥിര ആസ്തികളുടെ രജിസ്റ്റര് റില് ല് ആണ് അവസാനമായി ആസ്തി

രേഖപ്പെടുത്തിയിട്ടുള്ളത്

**6) പരാതി രജിസ്റ്റര്**

പദ്ധതി കാലയളവിൽ ഇതുമായി ബന്ധപ്പെട്ടു ഒരു പരാതിയും ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

7) **സാധന രജിസ്റ്റര്**

ഓഡിറ്റ് കാലയളവില്   സാധനത്തിന്റെ വിശദവിവരം  MIS ല്   നിന്നും പ്രിന്റ് എടുത്തു  രജിസ്റ്റര്റില് ഒട്ടിച്ചു ചേര്  ത്തിട്ടുണ്ട്

**സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്**

പാറശ്ശാല പഞ്ചായത്തിലെ ആറാം വാർഡായ ആടുമങ്ങാട് ആണ് സോഷ്യൽ ഓഡിറ്റിനു വിധേയമാക്കി മൂന്നാമത്തെ വാർഡ്.വാർഡിൽ 337 സജീവ തൊഴിലാളികളാണ് ഉള്ളത്.

വാർഡിൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ

| നമ്പർ | പ്രവർത്തികൾ | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | ചിലവായ തുക |
|---|---|---|---|---|---|
| 1 | ഭൂവികസനം | WC/337247 | 08/1/19 | 22/3/19 | 45762 |
| 2 | ഭൂവികസനം | WC/337245 | 25/1/19 | 30/04/19 | 477346 |
| 3 | കുഴൈകോട്ടുകോണം മുതൽ നീലറതലയ്ക്കൽ വരെ ചാനൽ ചെളി കോരൽ | WC/321139 | 31/12/18 | 26/1/19 | 154255 |
| 4 | ആടുമങ്ങാട് മുതൽ ഐെപ്പഴഞ്ഞി വരെ ചാനൽ ചെളി കോരൽ | WC/321222 | 29/12/18 | 10/01/19 | 128130 |
| 5 | കിണർ നിർമാണം | Dw/321790 | 16/08/18 | 29/03/19 | 88191 |
| 6 | കിണർ നിർമാണം | Dw/321789 | 09/08/19 | 29/03/19 | 86916 |
| 7 | കിണർ നിർമാണം | Dw/321788 | 16/08/18 | 16/03/19 | 81600 |
| 8 | കിണർ നിർമാണം | Dw/321787 | 09/08/18 | 16/03/19 | 88169 |

**ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ**

| **നമ്പർ** | **ഗുണഭോക്താക്കൾ** | **വർക്ക് കോഡ്** |
|---|---|---|
| **1** | **സൗമ്യ** | **IF/3 8 1 77 1** |
| **2** | **ഫ്ലോറ സെലിൻ** | **IF/374924** |
| **3** | **അജിത** | **IF/374930** |

| | | |
|---|---|---|
| **4** | **ഗീത** | **IF/374929** |
| **5** | **നിർമ്മല** | **IF/380006** |
| **6** | **ചന്ദ്രിക** | **IF/374925** |
| **7** | **സേതു** | **IF/374925** |
| **8l** | **സനിൽകുമാർ** | **IF/374930** |
| **9** | **സുധീഷ്/ ദീപ്തി** | **IF/416757** |
| **10** | **വിനീഷ് ലാൽ/അനീഷ** | **IF/416758** |
| **11** | **ബിനി /സുരേഷ്** | **IF/376850** |
| **12** | **അനിൽകുമാർ /സിന്ധു** | **IF/417674** |
| **13** | **ഭുവനേന്ദ്രൻ** | **IF/374922** |

**ലൈഫ് ഫയൽ പരിശോധന വിവരങ്ങൾ**

- ഭരണാനുമതി സാങ്കേതിക അനുമതി വിശദമായ എസ്റ്റിമേറ്റ് ഫോട്ടോ (പണിപൂർത്തിയാക്കിയ ഫോട്ടോ (പണിപൂർത്തിയാക്കിയ ഫോട്ടോസ് ഇല്ലായിരുന്നു) വെജ് ലിസ്റ്റ് തുടങ്ങിയ രേഖകൾ എല്ലാ ഫയലിലും ഇല്ലായിരുന്നു.
- മസ്റ്റർറോളിൽ രേഖപ്പെടുത്തലുകൾ പൂർണമാണ് എന്നാൽ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.
- ഓരോ മെഷർമെന്റ് ബുക്കിലും പ്രവർത്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- FTO ഉണ്ടായിരുന്നു.

**ഫീൽഡ്**

- ഫീൽഡ് തല പരിശോധനയിൽ ഒരു വീട് ഒഴികെ എല്ലാ വീടുകളും പൂർത്തിയായ നിലയിലാണ്.
- എത്ര ദിവസത്തെ മസ്റ്റർറോൾ ലഭിച്ചിട്ടുണ്ടെന്ന് ഗുണഭോക്താക്കൾക്ക് വ്യക്തമായി അറിയില്ല.
- ഫയലുകളിലെയ രേഖകളിൽ 90 ദിവസത്തെ വേതനം ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു എന്നാൽ ഫീൽഡ് പരിശോധനയിൽ ഗുണഭോക്താക്കൾക്ക് എത്ര രൂപ ലഭിച്ചു എന്ന് വ്യക്തതയില്ല.

**പ്രവർത്തിയുടെ വിശദാംശങ്ങളിലേക്ക്**

**മണ്ണ് ജല സംരക്ഷണം (wc/337247)**

**ഫയൽ**

- കവർപേജ്അപൂർണമായിരുന്നു


- നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, ഫോട്ടോ, വേജ് ലിസ്റ്റ്, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു


- മൂല്യനിർണയ സാക്ഷ്യപത്രം ഉണ്ട്.

- എഴുതിത്തയ്യാറാക്കിയ 51 പേരുടെ ഡിമാൻഡ് ഫോം ആണ് ഉണ്ടായിരുന്നത് പ്രവർത്തി അനുവദിച്ചതായി എ ഇ യുടെ സാക്ഷ്യപ്പെടുത്തലും ഉണ്ട്.

- മസ്റ്റർ റോളിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല പരിശോധന ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലുംഒപ്പും ഇല്ല.

- മസ്റ്റർ റോളിൽ 15 തിരുത്തലുകൾ ഉണ്ടായിരുന്നു തുടർച്ചയായി ഹാജരാകാത്ത 28 തൊഴിലാളികൾ ഉണ്ടെന്ന് രേഖപ്പെടുത്തലിൽ കാണുന്നു.





- ഭൂവുടമകളുടെ കരം തീർത്ത രസീത്, ആധാർ, പാസ്ബുക്ക് എന്നിവയുടെ പകർപ്പ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

- വി എം സി റിപ്പോർട്ട് ഉണ്ട് വി എം സി അംഗങ്ങളായി എ ഡി എസ് /സി ഡി എസ് അംഗങ്ങളാണ് ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്.

**ഫീൽഡ്**

- 15 പുരയിടങ്ങളിൽ ആയി പ്രവർത്തി നടപ്പിലാക്കിയതിന്റെ രേഖകളാണ് ഫയലിൽ ഉണ്ടായിരുന്നത്.

- മെഷർമെന്റ് ബുക്ക് പ്രകാരം 397 ട്രെഞ്ചുകൾ 286 മഴക്കുഴികൾ, 60 കമ്പോസ്റ്റ് കുഴികൾ, 465 തെങ്ങും കുഴികൾ 252 ബണ്ടുകളുടെ നിർമ്മാണം എന്നിവ രേഖപ്പെടുത്തിക്കാണുന്നു.

- ഫീൽഡ് തല പരിശോധനയിൽ 320 ട്രെഞ്ചുകൾ 197 മഴക്കുഴികൾ, 264 തെങ്ങിൻ കുഴികൾ, 26 കമ്പോസ്റ്റ് പിറ്റുകൾ 295 ബണ്ടുകളുടെ നിർമ്മാണം എന്നീ പ്രവർത്തികൾ കാണാൻ സാധിച്ചു. ചില പ്രവർത്തികൾ മനസ്സിലാക്കാൻ കഴിയാത്ത വിതം മണ്ണും പുല്ലും മൂടി കിടക്കുകയായിരുന്നു.




- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു.

**മണ്ണ് ജല സംരക്ഷണം (wc/337245)**

**ഫയൽ**

- കവർപേജ് അപൂർണമായിരുന്നു.

- നിയമപ്രകാരം ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു 22 രേഖകളിൽ ഭരണാനുമതി സാങ്കേതിക അനുമതി വിശദമായ എസ്റ്റിമേറ്റ് ഫോട്ടോ ലിസ്റ്റ് മസ്റ്റർ റോൾ മെഷർമെന്റ് ബുക്ക് സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

- എഴുതിത്തയ്യാറാക്കിയ 39 പേരുടെ ഡിമാൻഡ് ഫോമാണ് ഉണ്ടായിരുന്നത് .

- ഭൂഉടമകളുടെ കരം തീർത്ത രസീത്, ആധാർ, പാസ്ബുക്ക് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

- മസ്റ്റർ റോൾ മൂവ്മെന്റ്സ്ലിപ് ഉണ്ട് എന്നാൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല

- സൈറ്റ് ഡയറിയിൽ, ചെക്ക് ലിസ്റ്റ് തൊഴിൽ ഉപകരണങ്ങളുടെ വാടക, VMC, സന്ദർശക കുറിപ്പ് എന്നിവ ഉണ്ടായിരുന്നു.

**ഫീൽഡ്**

- 20 പുരയിടങ്ങളിൽ ആയി പ്രവർത്തി നടപ്പിലാക്കിയതിന്റെ രേഖകളാണ് ഫയലിൽ ഉണ്ടായിരുന്നത്

- മെഷർമെന്റ് ബുക്ക് പ്രകാരം 430 ട്രെഞ്ചുകൾ, 273 മഴക്കുഴി, 428 തെങ്ങിൻ കുഴി 33 കമ്പോസ്റ്റ് പിറ്റ് 269 ബണ്ടുകളുടെ നിർമ്മാണം എന്നീ പ്രവർത്തികൾ രേഖപ്പെടുത്തി കാണുന്നത്.

- ഫീൽഡ് തല പരിശോധനയിൽ 390 ട്രെഞ്ചുകൾ 120 മഴക്കുഴി 356 തെങ്ങും കുഴി 17 കമ്പോസ്റ്റ് നിർമ്മാണം, ബണ്ടുകളുടെ നിർമ്മാണം എന്നീ പ്രവർത്തികൾ കാണാൻ സാധിച്ചു. തെങ്ങിൻ കുഴികൾ ഭൂരിഭാഗവും വാഴ നാട്ടു പിടിച്ചതായാണ് കാണാൻ സാധിച്ചത്.

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഇല്ലായിരുന്നു.

### കുഴൈകോട്ടുകോണം മുതൽ നീലരാത്തലയ്കൾ ചാനൽ പുനരുദ്ധാരണം(wc/321139)

**ഫയൽ**

- മൂല്യനിർണയ സാക്ഷിപത്രം ഉണ്ടായിരുന്നു.

- എഴുതിത്തയ്യാറാക്കി 44 പേരുടെ ഡിമാൻഡ്ഫോം ആണ് ഉണ്ടായിരുന്നത്.

- മാസ്റ്റർ റോളിൽ തിരുത്തലുകൾ ഉണ്ടായിരുന്നു 5 പേർ തുടർച്ചയായി ഹാജരാകാത്തതായും രേഖപ്പെടുത്തലുകളിൽ കാണാൻ സാധിച്ചു.

- മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ട് എന്നാൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 900m ൽ പ്രവർത്തി നടപ്പിലാക്കിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെ പ്രവർത്തി നടന്നിരുന്നതായി കാണാൻ സാധിച്ചു. പ്രവർത്തി സ്ഥലം വൃത്തിയുള്ള ആയിരുന്നു.

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഇല്ലായിരുന്നു.

### ആടുമങ്ങാട് മുതൽ ഐപ്പഴഞ്ഞി ചാനൽ പുനരുദ്ധാരണം(wc/321222)

**ഫയൽ**

- മൂല്യനിർണയ സാക്ഷിപത്രം ഉണ്ടായിരുന്നു.

- എഴുതിത്തയ്യാറാക്കി 50 പേരുടെ ഡിമാൻഡ്ഫോം ആണ് ഉണ്ടായിരുന്നത്.

- മാസ്റ്റർ റോളിൽ തിരുത്തലുകൾ ഉണ്ടായിരുന്നു. 6 പേർ തുടർച്ചയായി ഹാജരാകാത്തതായും രേഖപ്പെടുത്തലുകളിൽ  കാണാൻ സാധിച്ചു.

- മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ട് എന്നാൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.

**ഫീൽഡ്**

- മെഷർമെന്റ് ബുക്കിൽ 900 മീറ്റർ നീളമാണ് രേഖപ്പെടുത്തിയിരുന്നത് .അത്രയും അളവിലുള്ള പ്രവൃത്തി വിലയിരുത്താൻ സാധിച്ചു.

- ഫീൽഡ് പരിശോധനയിൽ പ്രവൃത്തി ചെയ്ത സ്ഥലം കാടു

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു നിലവിൽ അത് മറിഞ്ഞു കിടക്കുകയായിരുന്നു. .

**കിണർ നിർമ്മാണം -(wc/DW/321789)**

**ഫയൽ**

- അവിദഗ്ധ വിദഗ്ധ തൊഴിലാളികളുടെ  മാസ്റ്ററോളുകളിൽ സക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല. പരിശോധന ഉദ്യോഗസ്ഥൻെറ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 20.5 മീറ്റർ ആഴമുള്ള കിണർ നിർമ്മിച്ചു എന്നാണ് രേഖപ്പെടുത്തി കാണുന്നത്.

- ഫീൽഡ് തല പരിശോധനയിൽ കൃത്യമായ അളവിൽ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ള തായി ബോധ്യപ്പെട്ടു.

- പ്രവർത്തിക്കായി  86916 രൂപ ചെലവഴിച്ചിട്ടുണ്ട്.

**കിണർ നിർമ്മാണം-wc/DW/321787**

**ഫയൽ**

- അവിദഗ്ധ വിദഗ്ധ തൊഴിലാളികളുടെ മസ്ട്രോളുകൾ ഉണ്ടായിരുന്നു. മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഇല്ലായിരുന്നു.

- മേറ്റിന്റെ  സക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

- തൊഴിലാളികളുടെ സാക്ഷ്യപത്രം,  സന്ദർശക കുറിപ്പ് ഇല്ലായിരുന്നു.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം20.5 മീറ്റർ ആഴമുള്ള കിണർ നിർമ്മിച്ചു എന്നാണ് രേഖപ്പെടുത്തി കാണുന്നത്.

- ഫീൽഡ് തല പരിശോധനയിൽ കൃത്യമായ അളവിൽ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ള തായി ബോധ്യപ്പെട്ടു.

- പ്രവർത്തിക്കായി 88169 രൂപ ചെലവഴിച്ചിട്ടുണ്ട്.

**കിണർ നിർമ്മാണം(DW/321788)**

**ഫയൽ**

- അവിദഗ്ധ വിദഗ്ധ തൊഴിലാളികളുടെ മസ്‌ട്രോളുകൾ ഉണ്ടായിരുന്നു

- മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഇല്ലായിരുന്നു.

- തൊഴിലാളികളുടെ സാക്ഷ്യപത്രം വിഎംസി സന്ദർശക കുറിപ്പ് ഇല്ലായിരുന്നു.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 19.5 മീറ്റർ ആഴമുള്ള കിണർ നിർമ്മിച്ചു എന്നാണ് രേഖപ്പെടുത്തി കാണുന്നത്.

- ഫീൽഡ് തല പരിശോധനയിൽ കൃത്യമായ അളവിൽ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ത്തായി ബോധ്യപ്പെട്ടു.

- പ്രവർത്തിക്കായി 81600 രൂപ ചെലവഴിച്ചിട്ടുണ്ട്.

**കിണർ നിർമ്മാണം(wc/DW/321790)**

**ഫയൽ**

- അവിദഗ്ധ വിദഗ്ധ തൊഴിലാളികളുടെ മസ്‌ട്രോളുകൾ ഉണ്ടായിരുന്നു. മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഇല്ലായിരുന്നു.

- മസ്റ്റർ റോളിൽ തിരുത്തലുകൾ ഉണ്ടായിരുന്നു. (മസ്റ്റർ റോൾ നമ്പർ :5084)

- മസ്റ്റർ റോൾ നമ്പർ :6797ഇൽ പ്രിന്റിംഗ് ഡേറ്റ്പ്രിന്റിംഗ് ഡേറ്റ് 11/9/2018 ഉം വർക് ആരംഭിച്ചത് 8/9/2018 ആണ്.

- മസ്റ്റർ റോൾ നമ്പർ :5082, 5083ഇൽ സീറോ attendence മാർക്ക് ചെയ്തിരുന്നു.

- VMC ഇല്ലായിരുന്നു.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 15.5 മീറ്റർ ആഴമുള്ള കിണർ നിർമ്മിച്ചു എന്നാണ് രേഖപ്പെടുത്തി

കാണുന്നത്.

ഫീൽഡ്തല പരിശോധനയിൽ കൃത്യമായ അളവിൽ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടു.

പ്രവർത്തിക്കായി 90972 രൂപ ചിലവാക്കിയിട്ടുണ്ട്.

**പൊതുവായ കണ്ടെത്തലുകൾ**

- ഫയലുകളിലെ രേഖകൾ സൂക്ഷിച്ചിരിക്കുന്നത് ശരിയായ ക്രമത്തിൽ അല്ല.
- പരിശോധനയ്ക്ക് വിധേയമാക്കിയ ഫയലുകളിലെ മെഷർമെന്റ് ബുക്കുകൾ ഒന്നും തന്നെ സർട്ടിഫൈ ചെയ്തിട്ടില്ല.
- അർധ വിദഗ്ധ വിദഗ്ധ മസ്റ്റർ റോളുകൾപൂർണ്ണമായ രേഖപ്പെടുത്തലുകളോടെഅല്ല സൂക്ഷിച്ചിരിക്കുന്നത്.
- മെഷർമെന്റ് ബുക്ക് മസ്റ്റർ റോൾ എന്നീ രേഖകളിലെ തിരുത്തലുകൾ അനുവദനീയമല്ല.
- ഭുവികസന പ്രവർത്തികളിൽ ശരിയായ വിധത്തിൽ പ്രവർത്തി നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും നിലവിൽ വിലയിരുത്താൻ സാധിക്കാത്ത നിലയിലാണ് ഭൂരിഭാഗം പ്രവർത്തി സ്ഥലവും.
- പഞ്ചായത്തിൽ സൂക്ഷിക്കേണ്ട 7രജിസ്റ്ററുകളിൽ ഗ്രാമസഭ രജിസ്റ്റർ ഓരോ വാർഡിലും ആവശ്യമാണ് എന്നാൽ ഇത്തരത്തിലൊരു രജിസ്റ്റർ ഉണ്ടായിരുന്നില്ല.
- മസ്റ്റർറോളുകളിൽ സെക്രട്ടറി, പരിശോധന ഉദ്യോഗസ്ഥൻ എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.
- ഫയലുകൾ കൃത്യതയോടെ ക്രമീകരിക്കാത്തതു സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്.

**നിർദ്ദേശങ്ങൾ**

- ഫയലുകളിൽ ഉള്ള രേഖകൾ കൃത്യതയോടെയും ശരിയായ ക്രമത്തിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- കളിസ്ഥലം, നടപ്പാതകളുടെ നിർമ്മാണം മുതലായവ വാർഡ് തലത്തിൽ നടപ്പാക്കാവുന്നതാണ്.
- പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവർത്തികൾ നിയമാനുസൃതമായ കാലയളവിൽ നിലനിൽക്കാൻ ഉതകുന്നവിധം നടപ്പിലാക്കേണ്ട അതാണ്.
- ഭൂവികസനം പോലുള്ള പ്രവർത്തികൾ ഭൂവുടമകൾക്ക് പ്രവർത്തിയെ സംബന്ധിക്കുന്ന വ്യക്തമായ ധാരണ നൽകിക്കൊണ്ട് നടപ്പിലാക്കേണ്ടത്.
- തൊഴിലാളികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്തി നൽകേണ്ടതാണ്.

🔷 മസ്റ്റർ റോളുകളിൽ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്.

🔷 അതാത് സാമ്പത്തിക വർഷത്തിലെ ഫയലുകൾ കൃത്യതയോടെ ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഗ്രാമസഭ പരാമർശങ്ങൾ**

ഗ്രാമസഭയിൽ പങ്കെടുത്ത ഭൂരിപക്ഷം തൊഴിലാളികളും ആവശ്യപ്പെട്ടത് 100 ദിവസത്തെ ജോലി വേണം എന്നതാണ്.

പ്രവൃത്തിസമയം നാലുമണിവരെ ആകണമെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

തൊഴിലാളികൾക്ക് യാതൊരുവിധ സുരക്ഷാസംവിധാനങ്ങളും നിർവഹണ ഏജൻസിയായ പഞ്ചായത്തിൽ നിന്നും ലഭിക്കുന്നില്ല.

നിർവഹണ ഏജൻസിയിൽ നിന്നും ആരും തന്നെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയ്ക്ക് വേണ്ടി സജ്ജീകരണങ്ങൾ ഒരുക്കുകയോ പങ്കെടുക്കുകയോ ചെയ്തില്ല.

നിർവഹണ ഏജൻസി സമീപിച്ചപ്പോൾ നിരുത്തരവാദിത്തപരമായ സമീപനമാണ് ആയിരുന്നു കൈക്കൊണ്ടത്.

റിപ്പോർട്ട് തയ്യാറാക്കിയത്,

BRP അനുശ്രീ

VRP റെനി മോൾ T G

VRP ബിജി L

VRP ആതിര D C

VRP ശ്യാമിലി T S

********************